**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 159** **08-08-2023 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിൽ സ്ഥാപിക്കുന്ന എൻ.സി.സി. നാഷണൽ ട്രെയിനിംഗ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | രാജ്യത്തെ എൻ.സി.സി കേഡറ്റുകൾക്ക് ഉന്നത നിലവാരത്തിലുള്ള ട്രെയിനിംഗ് നൽകുന്നതിനും അടിയന്തരഘട്ടങ്ങളിൽ കുട്ടനാട്ടിലെ ജനങ്ങൾക്ക് രക്ഷാസങ്കേതവും ആകുന്ന നിർദ്ദിഷ്ട എൻ.സി.സി. നാഷണൽ ട്രെയിനിംഗ് സെന്റർ അടിയന്തരമായി നടപ്പിലാക്കുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | കുട്ടനാട് താലൂക്കിൽ വെളിയനാട് വില്ലേജിൽ സർവ്വെ നമ്പർ. 1/1-ൽ പ്പെട്ട 10.12 ആർ റവന്യൂ പുറമ്പോക്ക് ഭൂമി 5 കേരള നേവൽ എൻ.സി.സി-യ്ക്ക് അനുവദിക്കുകയും, എൻ.സി.യുടെ ആവശ്യ പ്രകാരം 5 കേരള നേവൽ ഓഫീസ്, 300 എൻ.സി.സി കേഡറ്റുകൾക്ക് താമസിച്ച് നേവിയുടെ പരിശീലനം നൽകുന്നതിലേക്കായുള്ള നേവൽ ട്രെയ്നിംഗ് സെന്റർ, ബോട്ട് ഹൗസ് എന്നിവ നിർമ്മിക്കുന്നതിനായുള്ള രൂപരേഖയും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി എൻ.സി.സി-യ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ട്രെയ്നിംഗ് സെന്ററിൽ ഫെൻസിങ്ങ് നിർമ്മാണത്തിന് 48 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് ഇതിനോടകം കൈമാറിയിട്ടുണ്ട്. എന്നാൽ റവന്യൂ വകുപ്പ് അനുവദിച്ച പ്രസ്തുത ഭൂമിയിൽ അതിർത്തി തർക്കവുമായി ബന്ധപ്പെട്ട് രണ്ട് കേസ് ആലപ്പുഴ ബഹു. മുൻസിഫ് കോടതിയിൽ നിലനിൽക്കുന്നതോടൊപ്പം നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്റ്റേയും ഉണ്ട്. ആയതിനാൽ ഇതുവരെയും നിർമ്മാണം ആരംഭിയ്ക്കുവാൻ സാധിച്ചിട്ടില്ല. |
| (ബി) | ഇത് യഥാർത്ഥ്യമാക്കുന്നതിന് തടസ്സമായി നിൽക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | കുട്ടനാട് താലൂക്കിൽ വെളിയനാട് വില്ലേജിൽ സർവ്വെ നമ്പർ. 1/1-ൽ പ്പെട്ട 10.12 ആർ റവന്യൂ പുറമ്പോക്ക് ഭൂമി 5 കേരള നേവൽ എൻ.സി.സി-യ്ക്ക് അനുവദിക്കുകയും, എൻ.സി.യുടെ ആവശ്യ പ്രകാരം 5 കേരള നേവൽ ഓഫീസ്, 300 എൻ.സി.സി കേഡറ്റുകൾക്ക് താമസിച്ച് നേവിയുടെ പരിശീലനം നൽകുന്നതിലേക്കായുള്ള നേവൽ ട്രെയ്നിംഗ് സെന്റർ, ബോട്ട് ഹൗസ് എന്നിവ നിർമ്മിക്കുന്നതിനായുള്ള രൂപരേഖയും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി എൻ.സി.സി-യ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ട്രെയ്നിംഗ് സെന്ററിൽ ഫെൻസിങ്ങ് നിർമ്മാണത്തിന് 48 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് ഇതിനോടകം കൈമാറിയിട്ടുണ്ട്. എന്നാൽ റവന്യൂ |

| | | | |
|---|---|---|---|
| | | | വകുപ്പ് അനുവദിച്ച പ്രസ്തുത ഭൂമിയിൽ അതിർത്തി തർക്കവുമായി ബന്ധപ്പെട്ട് രണ്ട് കേസ് ആലപ്പുഴ ബഹു. മുൻസിഫ് കോടതിയിൽ നിലനിൽക്കുന്നതോടൊപ്പം നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്റ്റേയും ഉണ്ട്. ആയതിനാൽ ഇതുവരെയും നിർമ്മാണം ആരംഭിയ്ക്കുവാൻ സാധിച്ചിട്ടില്ല. |
| (സി) | ഇതിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; ഇനിയുള്ള തടസ്സങ്ങൾ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വിശദീകരിക്കാമോ? | (സി) | കേസിന്റെ അന്തിമ വിധിയ്ക്ക് അനുസൃതമായി മാത്രമേ നിർമ്മാണ പ്രവൃത്തികൾ ആരംഭിയ്ക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ